VI സബ്മിഷൻ

1. കൺസ്യൂമർഫെഡിലെ അഴിമതി

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, അഴിമതിയും കെടുകാര്യസ്ഥതയും ധൂർത്തുംമൂലം തകർച്ചയിലായ കൺസ്യൂമർഫെഡ് ഇന്ന് 1,100 കോടി രൂപയുടെ ബാദ്ധ്യതയിലാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം സപ്ലയർമാർക്ക് നൽകാനുള്ള തുക നൽകാൻ കഴിയുന്നില്ല. 356 കോടി രൂപയുടെ അഴിമതി ഈ സ്ഥാപനത്തിൽ നടന്നതായി എക്സിക്യൂട്ടീവ് ഡയറക്ടറായിരുന്ന ശ്രീ. പി. ആർ. പ്രതാപചന്ദ്രൻ പരാതി നൽകിയിട്ടുണ്ട്. ഈ പരാതി സംബന്ധിച്ച് ശ്രീ. വി. ശിവൻകുട്ടി സഭയിൽ ഉന്നയിച്ചിട്ടുള്ളതുമാണ്. 2013 സെപ്റ്റംബർ 30-ന് 'ഓപ്പറേഷൻ അന്നപൂർണ്ണ' എന്ന പേരിൽ 19 ഗ്രാമങ്ങളിൽ വിജിലൻസ് റെയ്ഡ് നടന്നു. 60 കോടി രൂപയുടെ ക്രമക്കേടാണ് ഈ റെയ്ഡിൽ കണ്ടെത്തിയത്. ഇതിനെത്തുടർന്ന് തിരുവനന്തപുരം, തൃശ്ശൂർ വിജിലൻസ് കോടതികളിൽ 2 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും അന്വേഷണത്തിന് ഉത്തരവിടുകയും ചെയ്തു. ഈ കേസ്സുകളിൽ പ്രതികളായിട്ടുള്ള മുൻ എം.ഡി.-യേയും ചീഫ് മാനേജരേയും സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്യണമെന്ന് വിജിലൻസ് ഡയറക്ടർ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും അവരെ സംരക്ഷിക്കുന്ന നയമാണ് സർക്കാർ സ്വീകരിച്ചത്. ഒരു വർഷത്തിനുശേഷം കഴിഞ്ഞ മാസമാണ് അവരെ സസ്പെൻഡ് ചെയ്യാൻ സർക്കാർ തയ്യാറായത്. ഈ അഴിമതിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിന്മേൽ വലിയ സാമ്പത്തിക അഴിമതി ആയതിനാൽ തലനാരിഴ കീറിയുള്ള അന്വേഷണം ആവശ്യമാണെന്ന് ഹൈക്കോടതി നിരീക്ഷിക്കുകയുണ്ടായി. ഉത്തരവ് വന്ന് ഒരുവർഷം പിന്നിട്ടിട്ടും സർക്കാർ ഇടപെട്ട് അന്വേഷണം മരവിപ്പിച്ചിരിക്കുകയാണ്. പുതിയ എം.ഡി. ചാർജ് എടുത്തതിനുശേഷം നടത്തിയ ആഭ്യന്തര പരിശോധനയിൽ 50 കോടി രൂപയുടെ സാമ്പത്തിക ക്രമക്കേട് കണ്ടെത്തിയതിന്റെ പരിശോധനാ റിപ്പോർട്ട് പുറത്തുവന്നിട്ടുണ്ട്. കൺസ്യൂമർ ഫെഡ് ചെയർമാനായ ശ്രീ. ജോയ് തോമസ് കോടിക്കണക്കിന് രൂപയുടെ തിരിമറി നടത്തിയതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചെയർമാൻ ശ്രീ. ജോയ് തോമസിനെ തൽസ്ഥാനത്തുനിന്ന് മാറ്റിനിർത്തി വിശദമായ അന്വേഷണം നടത്തണമെന്ന് ഞാൻ ശക്തമായി ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

11.00 AM]

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) : സർ, സംസ്ഥാനത്തെ പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്തുന്നതിന് കൺസ്യൂമർഫെഡ് നേതൃത്വപരമായ പങ്ക് നിർവ്വഹിച്ചുവരുന്നു. ഈ ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിനായി ത്രിവേണി, നന്മ സ്റ്റോറുകൾ, മൊബൈൽ ത്രിവേണികൾ, നീതി മെഡിക്കൽ സ്റ്റോറുകൾ ഉൾപ്പെടെയുള്ള യൂണിറ്റുകൾ സംസ്ഥാനവ്യാപകമായി പ്രവർത്തിച്ചുവരുന്നു. എന്നാൽ കൺസ്യൂമർഫെഡ് നിലവിൽ അഭിമുഖീകരിക്കുന്ന പ്രശ്നം സാമ്പത്തിക പ്രതിസന്ധിയാണ്. മുൻസർക്കാരിന്റെ കാലത്ത് കൊടുത്തുതീർക്കേണ്ട ബാദ്ധ്യതയായിരുന്ന 255.3 കോടി രൂപ ഉൾപ്പെടെ ലഭ്യമാകാതിരുന്നത് കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. മുൻസർക്കാരിന്റെ അഞ്ചുവർഷ കാലയളവിൽ 117.71 കോടി രൂപ സബ്സിഡിയായി നൽകിയപ്പോൾ ഈ സർക്കാർ ഇതിനകം 229.50 കോടി രൂപ ഈയിനത്തിൽ നൽകിക്കഴിഞ്ഞു. ഇതിനുപുറമേ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി 50 കോടി രൂപയുടെ എൻ.സി.ഡി.സി. സഹായവും ലഭ്യമാക്കിയിട്ടുണ്ട്. കൺസ്യൂമർഫെഡ് തകർച്ചയിലാണെന്നും പ്രവർത്തനം പ്രതിസന്ധിയിലുമാണെന്ന ആക്ഷേപങ്ങൾക്ക് യാതൊരടിസ്ഥാനവുമില്ല. എന്നാൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നുള്ള വായ്പ, നിക്ഷേപം, ഗവൺമെന്റ് സബ്സിഡി, എൻ.സി.ഡി.സി. സബ്സിഡി മുതലായവ കൃത്യമായി അടയ്ക്കാതിരിക്കുന്നതുമൂലമുള്ള ബാദ്ധ്യതയും സപ്ലയർമാർക്ക് കൃത്യമായി തുക നൽകാൻ കഴിയാത്തതും അവശ്യമരുന്ന് യഥേഷ്ടം ലഭ്യമാക്കുന്നതിന് ഫെഡറേഷന് സാധിക്കാതെ വന്നതും പ്രവർത്തനം മന്ദീഭവിക്കുന്നതിനിടയാക്കിയിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിന് ഫെഡറേഷന് വിവിധ ജില്ലാ ബാങ്കുകളിൽനിന്നും 150 കോടി രൂപ സർക്കാർ ഗ്യാരന്റിയോടുകൂടി വായ്പ ലഭ്യമാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ത്രിവേണി സ്റ്റോറുകളിൽ സാധനങ്ങൾ ആവശ്യാനുസരണം സംഭരിച്ച് വിൽപ്പന വർദ്ധിപ്പിക്കുന്നതിന് ഫെഡറേഷൻ തത്വത്തിൽ നടപടി സ്വീകരിച്ചുവരികയാണ്. വകുപ്പുമന്ത്രിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കൺസ്യൂമർഫെഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി കൺസ്യൂമർഫെഡ് ഭരണസമിതിയുടെ യോഗം സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി 9-6-2015-ൽ വിളിച്ചുചേർക്കുകയും ഇതുസംബന്ധിച്ച് ആവശ്യമായ തീരുമാനം

LIBRARY ARCHIVES Kerala Legislative Assembly

കൈക്കൊള്ളുകയും ആയത് നടപ്പിലാക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ സമർപ്പിക്കുന്നതിന് മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൺസ്യൂമർഫെഡിലെ സാമ്പത്തിക ക്രമക്കേടുകൾ യഥാസമയം കണ്ടെത്തുന്നതിനും സ്ഥാപനങ്ങളിൽ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും ഉത്തരവായി വീഴ്ചവരുത്തിയ കൺസ്യൂമർഫെഡ് മുൻ മാനേജിംഗ് ഡയറക്ടർ ഡോ. റിജി ജി. നായരെയും ചീഫ് മാനേജർ ആർ. ജയകുമാറിനെയും വിജിലൻസ് സർവ്വീസിൽനിന്ന് സസ്പെൻഡ് ചെയ്തിട്ടുണ്ട്. കൂടാതെ നിലവിൽ നടന്നുവരുന്ന വിജിലൻസ് അന്വേഷണത്തോടൊപ്പം ഫെഡറേഷന്റെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് 15 ജീവനക്കാരെക്കൂടി അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. കൺസ്യൂമർഫെഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്കാവശ്യമായ നിത്യോപയോഗ സാധനങ്ങൾ മിതമായ നിരക്കിൽ യഥേഷ്ടം ലഭ്യമാക്കുന്നതിനുമുള്ള തുടർനടപടികൾ ഇന്നുചേരുന്ന കൺസ്യൂമർഫെഡ് ഭരണസമിതി യോഗം കൈക്കൊള്ളുന്നതാണ്. പ്രസ്തുത യോഗത്തിൽ പങ്കെടുക്കുന്നതിന് സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിക്കും സഹകരണ സംഘം രജിസ്ട്രാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നുകൂടി താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അങ്ങ് പറഞ്ഞ വിജിലൻസ് റെയ്ഡിനെ സംബന്ധിച്ച് ഇതുവരെ ഗവൺമെന്റിന് റിപ്പോർട്ട് ലഭിച്ചിട്ടില്ല. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഉത്തരവായി വീഴ്ച വരുത്തിയവർക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കുന്നതാണ്. ഇപ്പോൾ കിട്ടിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്, അവരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

2. നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത

<u>ശ്രീ. റോഷി അഗസ്റ്റിൻ</u> : സർ, പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നൽകിവരുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. കേരളമൊട്ടാകെയും പ്രത്യേകിച്ച് ഇടുക്കി ജില്ലയിലും കനത്ത പേമാരിയിലും ശക്തമായ കാറ്റുമൂലവും വീടും കൃഷിയും നശിച്ച കർഷകർ വളരെയേറെ ദുരിതത്തിലാണ്. വാഴ, റബ്ബർ, തെങ്ങ്, കവുങ്ങ്, കൊക്കോ, ജാതി, കുരുമുളക്, കാപ്പി, കശുമാവ് തുടങ്ങിയ വിളകൾക്ക് നിലവിൽ നൽകിയിരുന്ന നഷ്ടപരിഹാരത്തുക വലിയ തോതിൽ വെട്ടിക്കുറച്ചിരിക്കുകയാണ്. ജി.ഒ.(എം.എസ്.)നം. 23/2012/സി.എം.ഡി. തീയതി 11-6-2012 പ്രകാരം പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക്

LIBRARY ARCHIVES Kerala Legislative Assembly